മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2023 ജനുവരി 12

# വാർത്താക്കുറിപ്പ്

## ടെക്നിക്കൽ അസിസ്റ്റൻറ്; വാക്-ഇൻ ഇൻറർവ്യൂ 20ന്

മഹാത്മാഗാന്ധി സർവകലാശാലയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇൻറഗ്രേറ്റഡ് പ്രോഗ്രാം ആൻറ് റിസർച്ച് ഇൻ ബേസിക് സയൻസിൽ(ഐ.ഐ.ആർ.ബി.എസ്) ടെക്നിക്കൽ അസിസസ്റ്റൻറ് തസ്തികയിലേക്ക് കരാർ നിയമനത്തിനുള്ള വാക്-ഇൻ ഇൻറർവ്യൂ ജനുവരി 20ന് നടത്തും. മുസ്ലിം കാറ്റഗറിയിലെ ഒരു ഒഴിവിൽ ഒരു വർഷത്തേക്കാണ് നിയമനം

പ്രതിമാസ വേതനം 25,000 രൂപ. കുറഞ്ഞത് 60 ശതമാനം മാർക്കോടെ ഫിസിക്സ്, കെമിസ്ട്രി, ബയോളജി അല്ലെങ്കിൽ തതുല്യ വിഷയത്തിൽ എം.എസ്.സി ബിരുദവും സോഫിസ്റ്റിക്കേറ്റഡ് അനലിറ്റിക്കൽ ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിൽ പ്രവൃത്തിപരിചയവും ആണ് അടിസ്ഥാന യോഗ്യത.

പ്രായപരിധി 25നും 45നും മധ്യേ. (2023 ജനുവരി ഒന്നിന് 45 കവിയരുത്)
താൽപര്യമുള്ളവർക്ക് ജനുവരി 20ന് 12.30 ന് വൈസ് ചാൻസലറുടെ ചേമ്പറിൽ നടക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കാം.

അഭിമുഖത്തിന് എത്തുന്നവർ ഉച്ചയ്ക്ക് 12ന് ഭരണവിഭാഗം അക്കാദമിക് ഹാളിൽ എഡി.എ 7 സെക്ഷനിൽ തിരിച്ചറിയൽ രേഖ, പ്രായം, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം എന്നിവയുടെ അസ്സൽ രേഖകളും പകർപ്പുകളും സഹിതം ഹാജരാക്കണം.

കൂടുതൽ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ(www.mgu.ac.in).

(പി.ആർ.ഒ./39/1841/2022)

## ടെക്നിക്കൽ അസിസ്റ്റൻറ് ; അപേക്ഷ ക്ഷണിച്ചു

മഹാത്മാഗാന്ധി സർവകലാശാലയിലെ സോഫിസ്റ്റിക്കേറ്റഡ് അനലിറ്റിക്കൽ ഇൻസ്ട്രുമെൻ്റ് ഫെസിലിറ്റിയിൽ ടെക്നിക്കൽ അസിസ്റ്റൻറ് തസ്തികയിൽ മൂന്നു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ താൽകാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

ഈഴവ, ബില്ലവ, തീയ്യ വിഭാഗത്തിൽ ഒരൊഴിവാണുള്ളത്. ഈ വിഭാഗത്തിൽപെട്ടവരുടെ അഭാവത്തിൽ മറ്റു പിന്നോക്ക, ജനറൽ വിഭാഗം ഉദ്യോഗാർഥികളെയും പരിഗണിക്കും.

കെമിസ്ട്രിയിൽ ഫസ്റ്റ് ക്ലാസ്സോടെ ബിരദാനന്തര ബിരുദവും എ.എഫ്.എം. ഉള്ള കോൺഫോക്കൽ രാമൻ മൈക്രോസ്കോപ്പ് കൈകാര്യം ചെയ്ത് രണ്ടു വർഷം പ്രവൃത്തിപരിചയവുമാണ് അടിസ്ഥാന യോഗ്യത.

പ്രതിമാസ വേതനം സഞ്ചിത നിരക്കിൽ 30,000 രൂപ. 2023 ജനുവരി ഒന്നിന് 36 വയസ് കവിയരുത്. സംവരണ വിഭാഗങ്ങൾക്ക് ഉയർന്ന പ്രായപരിധിയിൽ നിയമാനുസൃത ഇളവുകൾ അനുവദിക്കും.

താത്പര്യമുള്ളവർ നിശ്ചിത ഫോറത്തിലുള്ള അപേക്ഷ, പ്രായം, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം, അധികയോഗ്യത എന്നിവ തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എന്നിവ സഹിതം ജനുവരി 20 വൈകുന്നേരം അഞ്ചിനു മുൻപ് ലഭിക്കത്തക്ക വിധം ഡെപ്യൂട്ടി രജിസ്ട്രാർ 2 (ഭരണവിഭാഗം), മഹാത്മാഗാന്ധി സർവകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം - 686560 എന്ന വിലാസത്തിൽ അയക്കണം.

കൂടുതൽ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ(www.mgu.ac.in).

(പി.ആർ.ഒ./39/1842/2022)

## പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ ബയോ ഇൻഫോമാറ്റിക്സ് (സി.ബി.സി.എസ്, പുതിയ സ്കീം - 2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2020,2019,2018,2017 അഡ്മിഷനുകൾ റീ-അപ്പിയറൻസ് - ഒക്ടോബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ജനുവരി 20ന് ഇടത്തല, എം.ഇ.എസ്. കോളേജ് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസിൽ നടത്തും. ടൈം ടേബിൾ വെബ്സൈറ്റിൽ.

..............................

രണ്ടാം സെമസ്റ്റർ ബി.എ. ഇക്കണോമിക്സ് മോഡൽ 1 (2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017,2018,2019,2020 അഡ്മിഷനുകൾ സപ്ലിമെൻററി - ഒക്ടോബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ജനുവരി 16 ന് ആരംഭിക്കും. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1843/2022)

## പരീക്ഷാ ഫലം

2022 ഓഗസ്റ്റിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി സ്റ്റാറ്റിസ്റ്റിക്സ് വിത്ത് ഡാറ്റാ സയൻസ് (പി.ജി.സി.എസ്.എസ്. - 2020 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ജനുവരി 23 വരെ ഓൺലൈനിൽ അപേക്ഷ നൽകാം.

..............................

2022 ഓഗസ്റ്റിൽ നടത്തിയ നാലാം സെമസ്റ്റർ പി.ജി.സി.എസ്.എസ്. എം.എസ്.സി. ബയോഇൻഫോർമാറ്റിക്സ് (റഗുലർ, സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ജനുവരി 27 വരെ ഓൺലൈനിൽ അപേക്ഷ നൽകാം.

(പി.ആർ.ഒ./39/1844/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**